**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 395** **10-02-2025 - ൽ മറുപടിയ്ക്ക്**

**വരുമാനം വർദ്ധിപ്പിക്കാൻ നടപടി**

<table>
<tr><th colspan="2">ചോദ്യം</th><th colspan="2">ഉത്തരം</th></tr>
<tr><td colspan="2">ശ്രീ. രാഹുൽ മാങ്കൂട്ടത്തിൽ</td><td colspan="2">ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി)</td></tr>
<tr><td>(എ)</td><td>സംസ്ഥാനത്ത് നടപ്പ് സാമ്പത്തിക വർഷം പ്രതീക്ഷിച്ച ആകെ വരുമാനം എത്രയാണെന്നും നാളിതുവരെ ലഭിച്ച വരുമാനം എത്രയാണെന്നും ഇനം തിരിച്ച് വ്യക്തമാക്കുമോ;</td><td>(എ)</td><td>സംസ്ഥാനത്ത് നടപ്പ് സാമ്പത്തിക വർഷം ബജറ്റിൽ പ്രതീക്ഷിച്ച ആകെ റവന്യൂ വരുമാനം 1,38,655.16 കോടി രൂപയാണ്. അക്കൗണ്ടന്റ് ജനറലിന്റെ 2025 ജനുവരി മാസം വരെയുള്ള പ്രാഥമിക കണക്കനുസരിച്ച് 1,01,847.93 കോടി രൂപ റവന്യൂ വരുമാനമായി ലഭിച്ചിട്ടുണ്ട്. ഇതിന്റെ ഇനം തിരിച്ചുള്ള വിവരങ്ങൾ ചുവടെ പട്ടികയായി ചേർക്കുന്നു.<br><br>(തുക കോടിയിൽ)
<table>
<tr><th>ഇനം</th><th>നടപ്പ് സാമ്പത്തിക വർഷം ബജറ്റിൽ പ്രതീക്ഷിച്ചത്</th><th>അക്കൗണ്ടന്റ് ജനറലിന്റെ പ്രാഥമിക കണക്ക് പ്രകാരം 2025 ജനുവരി മാസം വരെ ലഭിച്ചത്</th></tr>
<tr><td>സംസ്ഥാനത്തിന്റെ തനത് നികുതി വരുമാനം</td><td>84,883.51</td><td>62,982.99</td></tr>
<tr><td>സംസ്ഥാനത്തിന്റെ തനത് നികുതിയേതര വരുമാനം</td><td>18,356.46</td><td>12,990.25</td></tr>
<tr><td>കേന്ദ്ര നികുതി വിഹിതം</td><td>23,882.40</td><td>20,642.29</td></tr>
<tr><td>കേന്ദ്ര ധനസഹായം</td><td>11,532.80</td><td>5,232.40</td></tr>
<tr><td>ആകെ</td><td>1,38,655.16</td><td>1,01,847.93</td></tr>
</table></td></tr>
<tr><td>(ബി)</td><td>സംസ്ഥാനത്തിന്റെ വരുമാനം വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ?</td><td>(ബി)</td><td>സംസ്ഥാനത്തിന്റെ തനത് വരുമാനം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി വിവിധ വകുപ്പുകളിലെ നികുതി-നികുതിയേതര ഇനങ്ങളുടെ നിലവിലെ നിരക്കുകൾ കാലികമായി പരിഷ്കരിക്കുന്നതിനും, പുതിയ ഇനങ്ങൾ കണ്ടെത്തുന്നതിനുമുള്ള നടപടികൾ സർക്കാർ തുടർന്ന് വരികയാണ്. സംസ്ഥാനത്തിന്റെ നികുതി, നികുതിയേതര വരുമാനം വർദ്ധിപ്പിക്കുന്നതിനായുള്ള ഊർജ്ജിതമായ നടപടികളാണ് നടപ്പ് സാമ്പത്തിക വർഷം നടപ്പിലാക്കി വരുന്നത്. രജിസ്ട്രേഷൻ,</td></tr>
</table>

ലാൻഡ് റവന്യൂ എന്നീ വകുപ്പുകൾ കൈക്കൊണ്ടിട്ടുള്ള നികുതി പരിഷ്കരണ നടപടികൾ ശക്തിപ്പെടുത്തുന്നതിനും, സ്വന്തമായി വൈദ്യുതി ഉത്പ്പാദിപ്പിച്ച് ഉപയോഗിക്കുന്ന ഉപഭോക്താക്കൾക്കും, ലൈസൻസികൾക്കും ഏർപ്പെടുത്തിയിട്ടുള്ള വൈദ്യുതി തീരുവ, ജുഡീഷ്യൽ കോർട്ട് ഫീസ്, ഗാലനേജ് ഫീ എന്നീ ഇനങ്ങളിലെ നിരക്ക് വർദ്ധനവിലൂടെയും 2024-25 സാമ്പത്തിക വർഷം ഏകദേശം 1000 കോടി രൂപ സമാഹരിക്കുവാൻ ലക്ഷ്യമിട്ടു കൊണ്ടുള്ള പ്രവർത്തനങ്ങൾ നടപ്പിലാക്കി വരുകയാണ്. കാര്യക്ഷമമായ രീതിയിൽ സ്വാപ്പിംഗ് നയം നടപ്പാക്കുന്നതിലൂടെ ഏകദേശം 200 കോടി രൂപയുടെ അധികവരുമാനം പ്രതീക്ഷിക്കുന്നു. അതോടൊപ്പം നികുതി ഇനങ്ങളിലെ കുടിശ്ശിക പിരിവ് ഊർജ്ജിതമാക്കുന്നതിന്റെ ഭാഗമായുള്ള നടപടികളും തുടരുന്നുണ്ട്. മോട്ടോർ വാഹന വകുപ്പിലെ നികുതി കുടിശ്ശിക പിരിച്ചെടുക്കുന്നതിനുള്ള ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി തുടരുന്നതിനുള്ള പ്രവർത്തനങ്ങൾ നടപ്പിലാക്കി വരികയാണ്. സംസ്ഥാന ജി.എസ്.റ്റി വകുപ്പുമായി ബന്ധപ്പെട്ട് 50,000/- രൂപയിൽ താഴെയുള്ള അരിയറുകൾ ഒഴിവാക്കികൊണ്ട് 'ആംനസ്റ്റി 2024' പദ്ധതി നടപ്പിലാക്കുകയും പ്രസ്തുത പദ്ധതിയിലൂടെ ഖജനാവിലേയ്ക്ക് മുൻ ആംനസ്റ്റിയേക്കാൾ അധികം തുക ലഭ്യമാക്കുന്നതിനും, ചെറുകിട വ്യാപാരികൾക്ക് പ്രത്യേകിച്ച് കേരളത്തിലെ വ്യാപാരസമൂഹത്തിനു പൊതുവെ കൂടുതൽ ഉണർവ് നൽകുകയും ചെയ്യുന്ന നടപടികളാണ് സ്വീകരിച്ചുവരുന്നത്.

സംസ്ഥാനത്തിന്റെ നികുതിയേതര വരുമാനം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി, 11/07/2024-ലെ മന്ത്രിസഭായോഗത്തിന്റെ തീരുമാന പ്രകാരം ആറ് മാസത്തിനുള്ളിൽ വർദ്ധനവ് വരുത്താത്ത നോൺ ടാക്സ് റവന്യൂ ഇനങ്ങൾ, ഫീസിനങ്ങൾ തുടങ്ങിയവ കാലാനുസൃതമായി വർദ്ധിപ്പിക്കുന്നതിന് അതതു ഭരണ വകുപ്പുകളെ ചുമതലപ്പെടുത്തിക്കൊണ്ട് സ.ഉ(അ)നം. 55/2024/ധന തീയതി 17/07/2024 പ്രകാരം ഉത്തരവായിട്ടുണ്ട്. പ്രസ്തുത ഉത്തരവ് പ്രകാരം, സർക്കാരിനു വേണ്ടി വരുമാനം ആർജ്ജിക്കുന്ന വിവിധ വകുപ്പുകൾ നികുതിയേതര വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ കൈക്കൊണ്ടിട്ടുണ്ട്. കൂടാതെ, സംസ്ഥാനത്തിന്റെ വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള തുടർനടപടികളുടെ ഭാഗമായി 2025-26 സാമ്പത്തിക വർഷത്തെ ബജറ്റിൽ ജുഡീഷ്യൽ കോടതി ഫീസുകളുടെ പരിഷ്കരണം, മോട്ടോർ വാഹന വകുപ്പുമായി ബന്ധപ്പെട്ട് കോൺട്രാക്ട് ക്യാരിയേജുകളുടെ നികുതി നിരക്കുകളുടെ ഏകീകരണം, ഇലക്ട്രിക് വാഹനങ്ങളുടെ നികുതി പരിഷ്കരണം, 15 വർഷം കഴിഞ്ഞ സ്വകാര്യ വാഹനങ്ങളുടെ നികുതി പരിഷ്കരണം, രജിസ്ട്രേഷൻ വകുപ്പുമായി ബന്ധപ്പെട്ട വിവിധ ഫീസുകളുടെ പരിഷ്കരണം, ഭൂനികുതി പരിഷ്കരണം എന്നിവയിലൂടെ 366 കോടി രൂപയുടെ അധിക വരുമാനം ലക്ഷ്യമിട്ടിട്ടുണ്ട്. ഇതിനു പുറമേ, ജി.എസ്.റ്റി കുടിശ്ശിക തീർപ്പാക്കലിന് ജനറൽ ആംനസ്റ്റി 2025 പദ്ധതി, ബാർ ഹോട്ടലുകളുടെ ജി.എസ്.റ്റി കുടിശ്ശിക തീർപ്പാക്കാനുള്ള ആംനസ്റ്റി പദ്ധതികളുടെ തുടർച്ചയായുള്ള ഇളവുകൾ, ഫ്ളഡ് സെസ്സ് ആംനസ്റ്റി 2025 പദ്ധതി, ഡിസ്റ്റിലറി അരിയർ സെറ്റിൽമെന്റ് സ്കീം 2025, കുടിശ്ശികയുള്ള പാട്ടവാടക ഈടാക്കുന്നതിനുള്ള ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി എന്നിവ പ്രഖ്യാപിച്ചതിലൂടെ വരുന്ന സാമ്പത്തിക വർഷത്തിൽ സർക്കാരിലേയ്ക്കുള്ള റവന്യൂ കുടിശ്ശിക ഈടാക്കുന്നതിനും ലക്ഷ്യമിട്ടിട്ടുണ്ട്.

വകുപ്പുകളിൽ നിന്നും, പൊതുമേഖലാ സ്ഥാപനങ്ങളിൽ നിന്നും സർക്കാരിനു ലഭിക്കാനുള്ള കുടിശ്ശിക തുക ഈടാക്കുന്നതിനും, നികുതി-നികുതിയേതര വരുമാനം പിരിച്ചെടുക്കുന്നതിനുള്ള കാര്യക്ഷമത ഇൻഫർമേഷൻ ടെക്നോളജിയുടെ സാധ്യത ഉപയോഗിച്ച് വർദ്ധിപ്പിക്കുന്നതിനുമുള്ള നിർദ്ദേശം വകുപ്പുകൾക്ക് നല്കിയിട്ടുണ്ട്. റവന്യൂ വരുമാനം, റവന്യൂ കുടിശ്ശിക എന്നിവ

| | | | |
|---|---|---|---|
| | | | പിരിച്ചെടുക്കുന്നത് സംബന്ധിച്ച് സർക്കാർ തലത്തിൽ മോണിറ്ററിംഗ് നടത്തുന്നതിനായി പ്രധാന വകുപ്പുകളുടെ അവലോകന യോഗം ചേരുന്നുണ്ട്. അതോടൊപ്പം, ദൈനംദിന ധനകാര്യ മാനേജ്മെന്റിനു വേണ്ട ക്രമീകരണങ്ങൾ ഓരോ സമയത്തും എടുക്കുന്നുമുണ്ട്. സംസ്ഥാനത്തിന്റെ തനത് വരുമാനം ഉയർത്തിയും, അനാവശ്യ ചെലവുകൾ ഒഴിവാക്കിക്കൊണ്ടും, റിസോഴ്സ് ഗ്യാപ് ക്രമേണ കുറച്ചുകൊണ്ട് വന്ന്, ധനകമ്മിയും കടവും സംസ്ഥാനത്തിന്റെ മൊത്തം ആഭ്യന്തരോത്പാദനത്തിന്റെ നിശ്ചിത പരിധിയിൽ നിർത്തുന്നതിനും വരും വർഷങ്ങളിൽ സംസ്ഥാന സമ്പദ് വ്യവസ്ഥ കൂടുതൽ ശക്തിപ്പെടുത്തുന്നതിനുമാണ് ലക്ഷ്യമിടുന്നത്. |

സെക്ഷൻ ഓഫീസർ